(ഡി) ശ്രീമതി ശാരദയുടെ അവധി അപേക്ഷയിന്മേൽ എത്രയും വേഗം തീരുമാനം എടുക്കുന്നതാണ്. അതിനുശേഷം പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും കഴിയും വേഗത്തിൽ അനുവദിക്കുന്നതിന് നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശമ്പള കുടിശ്ശിക ലഭ്യമാക്കാൻ നടപടി

175(886)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പച്ചടി ആയുർവേദ മെഡിക്കൽ ആഫീസർ ശ്രീമതി ശാന്തകുമാരി കോടതി വിധി അനുസരിച്ചുള്ള ശമ്പള കുടിശ്ശിക ലഭ്യമാക്കുന്നതിനുവേണ്ടി പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നടപടികൾ കൈക്കൊണ്ടിട്ടില്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) ഇതിന്മേൽ നടപടി പൂർത്തിയാക്കാൻ എത്രകാലം വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ മുതൽ ഡി വരെ) ഉണ്ട്. ഡോ. ശാന്തകുമാരി ട്രൈബൽ ഡവലപ്മെന്റ് വകുപ്പിൽ താൽക്കാലിക നിയമന പ്രകാരം ജോലി ചെയ്യുകയും 5.6.'79-ൽ പിരിച്ചുവിടപ്പെടുകയും ചെയ്തിരുന്നു. തന്നെ പിരിച്ചുവിട്ട നടപടിക്കെതിരെ ടിയാൻ ഒ.പി. ഫയൽ ചെയ്യുകയും പുനർ നിയമനം നൽകി എല്ലാ ശമ്പള ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കണമെന്ന് കോടതി വിധിയുണ്ടായി. കോടതി വിധിയും മറ്റു അനുബന്ധ രേഖകളും 16.12.'99 ലാണ് നാട്ടുചികിത്സാ വകുപ്പ് ഡയറക്ടറുടെ ആഫീസിൽ ലഭിച്ചിട്ടുള്ളത്. ട്രൈബൽ വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ ആയുർവേദ വകുപ്പിന് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി

176 (887)ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആയുർവേദ ഡിസ്പെൻസറികളും ആയുർവേദ ആശുപത്രികളും നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം പുതുതായി എത്ര ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വർക്കല നിയോജകമണ്ഡലത്തിലെ മറ്റൂർ പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും ചെറുന്നിയൂർ പഞ്ചായത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ ഡിസ്പെൻസറിയോ, ഹോമിയോ ഡിസ്പെൻസറിയോ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ അറുന്നൂറ്റി മുപ്പത്തിമൂന്ന് ആയുർവേദ ഡിസ്പെൻസറികളും മുന്നൂറ്റിപ്പതിനൊന്ന് ആയുർവേദ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു.

(ബി)&(സി) ഈ വർഷം നൂറ് ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് ബഡ്ജറ്റിൽ നിർദ്ദേശമുള്ളത്. സ്ഥലനിർണ്ണയം ആയിട്ടില്ല.

ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള അനുമതി

177(888) പ്രൊഫ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ പെരിങ്ങളം പഞ്ചായത്തിൽ പണി പൂർത്തിയായി കിടക്കുന്ന "വി.കെ. ഗോപാലൻ മെമ്മോറിയിൽ" കെട്ടിടത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കെട്ടിടത്തിൽ ആയുർവേദ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള അനുമതി എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പെരങ്ങനം പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി വേണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

കരിപ്ര പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി

178(889) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ, കരിപ്ര പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി അനുവദിക്കുന്നത് സംബന്ധിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശവാസികളുടെ ആവശ്യം പരിഗണിച്ച് ഈ സാമ്പത്തിക വർഷം ഇവിടെ ആയുർവേദ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 1999-2000 വർഷത്തിൽ ആരംഭിക്കുന്ന ആയുർവേദ ഡിസ്പെൻസറികളുടെ സ്ഥല നിർണ്ണയം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly